പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 18 — 04-02-2013 -ൽ മറുപടിക്ക്.

## മദ്യനയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. നാണു :<br>ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>" ജോസ് തെറ്റയിൽ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി). |
| (എ) പ്രഖ്യാപിത മദ്യനയത്തിലെ പ്രത്യേകതകൾ വിശദമാക്കാമോ; | (എ) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ്, 2012-13 - ലെ പുതിയ മദ്യനയം. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനായി, പുതിയ മദ്യഷാപ്പുകൾ (FL-1 ഷോപ്പുകൾ) അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 ആയി ഉയർത്തി. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ കണ്ട് വെട്ടിക്കുറയ്ക്കുകയും, ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നത് നിർത്തലാക്കുകയും ചെയ്തു. 2012-13 മുതൽ ഫോർ സ്റ്റാർ / ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളുവെന്നും, പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കിലോ മീറ്ററും, നിലവിലുള്ള ബാർഹോട്ടലിൽ നിന്ന് പുതിയതായി അനുവദിക്കുന്ന ബാർ ഹോട്ടലുകൾക്ക് ദൂരപരിധി വേണമെന്ന നിബന്ധനയും ഏർപ്പെടുത്തി. എന്നാൽ ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നത് നിർത്തലാക്കിക്കൊണ്ടും, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കിലോമീറ്ററും നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന് പുതിയതായി അനുവദിക്കുന്ന ബാർ ഹോട്ടലുകൾക്ക് ദൂരപരിധി വേണമെന്ന നിബന്ധനയും ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമ ഭേദഗതി, ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ തോത് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു. |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി വ്യാപകമായി ബോധവത്ക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നടപ്പിലാക്കുന്നതാണ്. വിദ്യാലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതാണ്. കൂടുതൽ സ്കൂളുകളിലേക്ക് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്. ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന സന്നദ്ധ സംഘടനക്കും വ്യക്തിക്കും ലഹരി വിരുദ്ധ ക്ലബ്ബിനും അവാർഡും അംഗീകാരവും നൽകുന്നതാണ്. ഡി-അഡിക്ഷൻ ചികിത്സ നടത്തുന്ന സന്നദ്ധ സംഘടനകൾ, ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയ്ക്ക് നിർധനരായിട്ടുള്ള രോഗികളെ ചികിത്സിക്കുന്നതിനായിട്ടുള്ള ധനസഹായം വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടി ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | പുതിയ ബാറുകൾക്ക് അനുമതി കൊടുത്തത് മദ്യനയത്തിന് അനുസൃതമായിട്ടാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. പുതിയ ബാറുകൾക്ക് അനുമതി കൊടുത്തത്, മദ്യനയത്തിനും, ബഹു. കേരള ഹൈക്കോടതിയുടെയും, ബഹു. സുപ്രീം കോടതിയുടെയും ഉത്തരവുകൾക്ക് അനുസൃതമായിട്ടുമാണ്. |
| (സി) | കോടതി ഉത്തരവ് പ്രകാരം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്; | (സി) | കോടതി ഉത്തരവ് പ്രകാരം, ഈ അബ്കാരി വർഷത്തിൽ 17 ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ട്. |
| (ഡി) | സർക്കാർ നയത്തിന് വിരുദ്ധമായി ബാറുകൾക്ക് അനുമതി നൽകുന്ന കോടതി ഉത്തരവുകൾക്കെതിരെ മേൽ കോടതിയിൽ അപ്പീൽ നൽകുന്നതിൽ അലംഭാവം കാട്ടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ